**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2606** | **02-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് തൊഴിൽ മേഖലയിലുണ്ടായ പ്രതിസന്ധികളെ നേരിടാൻ തൊഴിൽവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | എ) കോവിഡ് കാലത്ത് ജോലി ലഭ്യത കുറയുകയോ ഇല്ലാതാകുകയോ ചെയ്ത അതിഥിതൊഴിലാളികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തണമെന്ന സർക്കാർ പോളിസി നടപ്പിലാക്കുന്നതിനാണ് തൊഴിൽ വകുപ്പ് ശ്രദ്ധ ചെലുത്തിയത്. ഇതിനായി സംസ്ഥാനത്ത് ജോലിയ്ക്കായി വന്നിരുന്ന അതിഥി തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും, ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ സിവിൽ സപ്ലൈസിൽ നിന്നും ഭക്ഷ്യകിറ്റ് ലഭ്യമാക്കി ലേബർ ക്യാമ്പുകളിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും തുടർന്ന് കോൺട്രാക്ടർമാർ, തൊഴിലുടമകൾ എന്നിവരുടെ നിയന്ത്രണത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികൾക്കും ലഭ്യമാക്കുകയും ചെയ്തു. കോവിഡ് മഹാമാരിയുടെ ഒന്നാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1000/- മുതൽ 3000/- രൂപ വരെയും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 1000/- മുതൽ 5000/- രൂപയും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ക്ഷേമനിധി അംഗങ്ങൾക്ക് കോവിഡ് പ്രതിസന്ധി നേരിടാൻ തൊഴിൽവകുപ്പ് നൽകിയ ധനസഹായങ്ങൾ എത്ര തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) | ബി) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കോവിഡ്-19 ന്റെ ഒന്നാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ 18,04,267 തൊഴിലാളികൾക്കും സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,90,771 തൊഴിലാളികൾക്കും ഉൾപ്പെടെ ആകെ 26,95,038 തൊഴിലാളികൾക്ക് ധനസഹായം വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കൂടാതെ വലിയ തോട്ടങ്ങളിലെ 44,753 തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ 1,363 തൊഴിലാളികൾക്കും കോവിഡ് -19 ധനസഹായം അനുവദിച്ചിരുന്നു. കോവിഡ്-19 -ന്റെ രണ്ടാം ഘട്ടത്തിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്കും പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും വലിയ തോട്ടങ്ങളിലെ തൊഴിലാളികൾക്കും ഉൾപ്പെടെ ആകെ 21,03,298 തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 8,53,676 തൊഴിലാളികൾക്ക് നാളിതുവരെ രണ്ടാംഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഏതൊക്കെ തൊഴിൽ മേഖലകളിലാണ് വകുപ്പ് ധനസഹായങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | സി) തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കശുവണ്ടി തൊഴിലാളികൾ, 1960-ലെ കേരള ഷോപ്പ്സ്ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ, നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ബീഡി ചുരുട്ട് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾ, ആഭരണമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ (ഫാക്ടറികൾ അനുബന്ധ സ്ഥാപനങ്ങൾ), കർഷകതൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, കള്ള് ചെത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, കൈത്തറി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിലെ തൊഴിലാളികൾ, അസംഘടിതമേഖലയിലെ തൊഴിലാളികൾ എന്നീ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകൾ മുഖേന ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ